# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നഗരവികസന നിയമങ്ങൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :5428 28.7.15- ൽ മറുപടി നൽ കേണ്ടത്.**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ..ഡൊമിനിക് പ്രസന്റേഷൻ,<br>ശ്രീ.വർക്കല കഹാർ,<br>ശ്രീ.വി.ഡി.സതീശൻ, | | ശ്രീ.മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവുംവകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള നഗരവികസന നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. കേരളാ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് നിലവിൽ വന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | സംസ്ഥാനത്തെ നഗരപ്രദേശങ്ങളുടെയും, ഗ്രാമ പ്രദേശങ്ങളുടെയും വളർച്ച നിയന്ത്രിക്കുന്നതിനും, ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാനത്ത് കേരളാ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് 2015 (ഓർഡിനൻസ് നമ്പർ 6) ബഹുമാനപ്പെട്ട കേരളാ ഗവർണർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>നിലവിലുള്ള മാസ്റ്റർ പ്ലാൻ/വിശദ നഗരാസൂത്രണ പദ്ധതി എന്നിവയിലെ റെഗുലേഷനുകൾ കാലോചിതമായി പരിഷ്കരിക്കുക, എല്ലാ മുനിസിപ്പൽ പ്രദേശങ്ങളുടെയും ദീർഘകാല പരിപ്രേക്ഷ്യത്തോടെയുള്ള ആസൂത്രിത വികസനം ഉറപ്പുവരുത്തുക എന്നിവയാണ് മാസ്റ്റർ പ്ലാൻ പുതുക്കുന്ന / പരിഷ്കരിക്കുന്ന പദ്ധതികളുടെ മുഖ്യ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ | (സി) | 10.04.2015-ലെ 19904/LegC1/2013/Law നമ്പരായുള്ള കേരളാ നഗര ഗ്രാമാസൂത്രണ ഓർഡിനൻസ് 10.04.2015-ലെ 817-)ാം നമ്പർ അസാധാരണ ഗസറ്റിൽ ആധികാരികമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>എല്ലാ നഗരസഭകൾക്കും മാസ്റ്റർ പ്ലാൻ |

തയ്യാറാക്കുന്നതിനായി G.O(MS) No. 3982/2008/LSGD, Dt. 13.11.2008, G.O(MS) No.1376/2012/LSGD, Dt. 17.05.2012, G.O(MS) No. 2664/2012/LSGD, Dt. 24.09.2012 എന്നീ ഉത്തരവുകൾ പ്രകാരം (2 ഗ്രാമ പഞ്ചായത്തുകൾ ഉൾ പ്പെടെ) ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് G.O(Rt)No. 2766/2009/LSGD, Dt. 24.10.2009, G.O(Rt) No. 2767/2009/LSGD, Dt. 24.10.2009 എന്നീ ഉത്തരവുകൾ പ്രകാരം ആയതിന് വിശദമായ മാർഗ്ഗ രേഖകൾ പുറപ്പെടുവിക്കുകയും ടി പദ്ധതിയുടെ നടത്തിപ്പിനായി ഒരു State Project Cell സ്ഥാപിക്കുകയും ചെയ്തു. ടി Project Cell മുഖാന്തിരം പദ്ധതി നടത്തിപ്പിനായുള്ള വിശദമായ മാർഗ്ഗ രേഖകൾ/ടൂൾ കിറ്റുകൾ/ ഹാൻഡൗട്ടുകൾ എന്നിവ കാലകാലങ്ങളിൽ നൽകിവരുകയും, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)-ന്റെ മേൽ നോട്ടത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**